كنيسة سنت جريجوريوس الهند أورتودوكس

**ST. GREGORIOS INDIAN ORTHODOX CHURCH**

**Post Box No. 3156, Fujairah, UAE. Tel: 2225300**

Press Release 29.06.2015

## മാറുന്ന സമൂഹത്തിൽ കുടുംബബന്ധങ്ങൾ ശിഥിലമാകുന്നു മാർ മിലിത്തിയോസ്

ഫുജൈറ സെൻറ്.ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയത്തിൽ യുവജന പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ രണ്ടു ദിവസങ്ങളിലായി നടത്തപ്പെട്ട കൊയ്നോണിയ 2015 എന്ന കുടുംബ സംഗമത്തിൽ "മാറുന്ന ലോകവും ക്രിസ്ത്രീയ ജീവിതവും" എന്ന വിഷയത്തെ ആസ്പദമാക്കി ഡോ.യൂഹാനോൻ മാർ മിലത്തിയോസ് മുഖ്യപ്രഭാഷണം നടത്തി. മാറുന്ന ലോകത്തിൽ മനുഷ്യൻ വിദ്ധ്യാഭ്യാസപരമായും, സങ്കേതികമായും, സാമ്പത്തികമായും മുന്നേറുമ്പോഴും കുടുംബ ബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുകയും, ദൃഢത നഷ്ടപ്പെടുകയും ചെയ്യുന്നതോടൊപ്പം ആർത്തിയും, ആഢംബരവും സമൂഹത്തിൽ പ്രതിസന്ധികൾ സൃഷ്ടിക്കുകയും ചെയ്യുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇടവക വികാരി റവ.ഫാ.ലിജോ ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ട്രസ്റ്റി. ചെറിയാൻ എബ്രഹാം, സെക്രട്ടറി. ജോജു മാത്യു, ഡോ.കെ.സി ചെറിയാൻ, ജിനീഷ് വർഗ്ഗീസ്, വിൽസൻ ഫിലിപ്പ്, ഷാജൻ തുണ്ടത്തിൽ, ജിജോ കളരിക്കൽ, എബി ജോൺ എന്നിവർ പ്രസംഗിച്ചു. ഇടവക ജനങ്ങളോടൊപ്പം യു.എ.യിലെ വിവിധ ദേവാലയങ്ങളിൽനിന്നുമുള്ള ജനപങ്കാളിത്തം പരിപാടികൾ വൻ വിജയപ്രദമാക്കിത്തീർത്തു.